## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4086** **20/03/2018-ൽ മറുപടിയ്ക്ക്**

## കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KLDC) 2017-18 സാമ്പത്തിക വർഷത്തിൽ എന്തൊക്കെ കാര്യങ്ങൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (എ) കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി) 2017-18 സാമ്പത്തിക വർഷത്തിൽ ആർ.ഐ.ഡി.എഫ്, ആർ.കെ.വി.വൈ, എസ്.സി. ഡെവലപ്പ്മെന്റ്, അഗ്രി കോംപ്ലക്സ്, പഴശ്ശി പെരിഞ്ചേരി, മണിയൂർ പാടശേഖരം (നോൺ പ്ലാൻ) എന്നീ പ്രവൃത്തികൾക്ക് പിറവം, പൊന്നാനി, മഞ്ചേശ്വരം, പത്തനാപുരം, മാവേലിക്കര, ചടയമംഗലം, നെയ്യാറ്റിൻകര, കുന്നത്തൂർ, ഇരിഞ്ഞാലക്കുട, കുത്തുപറമ്പ്, പാറശ്ശാല, ചാലക്കുടി, നാട്ടിക, മണലൂർ, എടപ്പാൾ, തലശ്ശേരി, മഞ്ചേരി, കൊടുങ്ങല്ലൂർ, കാഞ്ഞിരപ്പള്ളി, ഒല്ലൂർ, അടൂർ, കായംകുളം, ചെങ്ങന്നൂർ, അങ്കമാലി, പുനലൂർ, പെരിന്തൽമണ്ണ, വൈപ്പിൻ, ഒറ്റപ്പാലം, ചങ്ങനാശ്ശേരി, പറവൂർ, ഹരിപ്പാട്, അമ്പലപ്പുഴ, വൈക്കം, തൃപ്പൂണിത്തുറ, കൊച്ചി, കോതമംഗലം, പാലക്കാട്, കുന്നത്ത്നാട്, ധർമ്മടം, പേരാവൂർ, കുറ്റ്യാടി, നാദാപുരം, മലപ്പുറം, മട്ടന്നൂർ എന്നീ മണ്ഡലങ്ങൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്.<br><br>കെ.എൽ.ഡി.സി. 2017-18 സാമ്പത്തിക വർഷത്തിൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഒല്ലൂർ, തൃശ്ശൂർ, തലശ്ശേരി, പുനലൂർ, അടൂർ, ചാത്തന്നൂർ, ഏറ്റുമാനൂർ, വൈക്കം, അമ്പലപ്പുഴ, പറവൂർ എന്നീ നിയോജകമണ്ഡലങ്ങളിലും ജി.ഒ. (എം.എസ്) നമ്പർ.87/2017/എഡി. തീയതി 18/07/2017 പ്രകാരം 1562.77 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

(contd.......2/-)

**(ബി)** കെ.എൽ.ഡി.സി ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; എന്തൊക്കെ കാര്യങ്ങൾക്കാണ് ഫണ്ട് അനുവദിക്കുന്നത്;

**(ബി)** ഗവൺമെന്റ് തീരുമാനങ്ങൾക്ക് അനുസൃതമായി ഓരോ പദ്ധതികൾക്കായി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ബഹു.ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരാറുകാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരവും ഡയറക്ടർ ബോർഡ് തീരുമാന പ്രകാരവും സർക്കാർ ഉത്തരവുകൾക്ക് ബാധകമായും കോടതി വിധികളെ മാനിച്ചുമാണ് ഫണ്ട് വിതരണം ചെയ്യുന്നത്. കെ.എൽ.ഡി.സി. ഏറ്റെടുത്ത് നടപ്പാക്കി വരുന്ന പദ്ധതികൾക്കാണ് ഫണ്ട് ചെലവഴിക്കുന്നത്.

**(സി)** തലശ്ശേരി നിയോജകമണ്ഡലത്തിന് 2017-18 സാമ്പത്തിക വർഷത്തിൽ എന്തെങ്കിലും പ്രവൃത്തിക്ക് കെ.എൽ.ഡി.സി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് പ്രവൃത്തിക്കാണെന്ന് വ്യക്തമാക്കുമോ?

**(സി)** കണ്ണൂർ ജില്ലയിലെ തലശ്ശേരി നിയോജക മണ്ഡലത്തിൽ ആർ.കെ.വി.വൈ. 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി പെരളശ്ശേരി പഞ്ചായത്തിലെ മാവിലായി വലിയ തോടിന്റെ പാർശ്വഭിത്തി പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. RIDF പദ്ധതികൾക്കായി 2017-18 വർഷത്തിൽ സഹസ്രസരോവർ സ്കീമിൽ ഉൾപ്പെടുത്തി 10.81 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ